പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3081 — 19-06-2018-ലെ മറുപടിയ്ക്ക്

# വാഴകൃഷിക്കാർക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. വിൻസെന്റ്** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** 30/11/2017 ൽ ഉണ്ടായ ഓഖി ചുഴലിക്കാറ്റിൽ വാഴ ഒടിഞ്ഞ് നഷ്ടം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകിയോ;ഇല്ലെങ്കിൽ എപ്പോൾ നഷ്ടപരിഹാരം നൽകാനാകുമെന്ന് വ്യക്തമാക്കുമോ; | **(എ)** ഓഖി ദുരിതബാധിതരായ കർഷകർക്ക് എസ്.ഡി.ആർ.എഫ് ഫണ്ടിൽ നിന്നും 58,86,126/- രൂപ നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുകയായ 4,33,474/- രൂപ നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ 356 കർഷകർക്ക് ഓഖി ദുരന്തത്തിൽ 90.8 ഹെക്ടർ കൃഷി നശിച്ച വകയിൽ 90.11 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| **(ബി)** വാഴകൃഷി ചെയ്ത കർഷകർക്ക് കൃഷി നാശം കാരണം ബാങ്ക് വായ്പ എടുത്തത് തിരിച്ചടയ്ക്കുവാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത കർഷകരെ സഹായിക്കുവാൻ പലിശ ഇളവ് പോലുള്ള സഹായമെങ്കിലും നൽകുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | **(ബി)** മൂന്ന് ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ പലിശയിളവ് പദ്ധതിയാണ് നിലവിലുള്ളത്. ഇതിൻപ്രകാരം ബാങ്കുകൾ 9% പലിശയ്ക്ക് വായ്പ നൽകുന്നു. കേന്ദ്ര സർക്കാർ 2% പലിശ സബ് വെൻഷൻ നൽകി ഇത് 7% ന് കർഷകർക്ക് ലഭ്യമാക്കുന്നു. ഇതിനുപുറമെ വായ്പ കൃത്യമായി അടയ്ക്കുന്ന കർഷകന് 3% അഡീഷണൽ സബ്സിഡി കൊടുക്കുന്നതുകൊണ്ട് കൃത്യമായി അടയ്ക്കുന്ന 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 4% പലിശ ഈടാക്കുന്നു. കേരള കർഷക കടാശ്വാസ കമ്മീഷൻ വയനാട് ജില്ലയിൽ 31.03.2014 വരെയുള്ള കുടിശ്ശിക ആയ കാർഷിക വായ്പകളും മറ്റ് 13 ജില്ലകളിലെ 31.10.2011 വരെയുള്ള വായ്പകളും കാർഷിക കടാശ്വാസത്തിന് പരിഗണിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**